## പതിമൂന്നാം കേരള നിയമസഭ

### പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3710** — **30.01.2014 - ൽ മറുപടിയ്ക്ക്**

### വനം വകുപ്പ് ജീവനക്കാർക്കെതിരെയുള്ള സസ്പെൻഷൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എ. അസീസ്<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും സ്പോർട്സും, സിനിമയും വകുപ്പ് മന്ത്രി) |
| എ. വനം വകുപ്പിനു കീഴിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ സസ്പെന്റ് ചെയ്യപ്പെട്ട ജീവനക്കാരുടെ എണ്ണം സർക്കിൾ തിരിച്ച് വ്യക്തമാക്കുമോ; | എ. വനം വകുപ്പിനു കീഴിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ സസ്പെന്റ് ചെയ്യപ്പെട്ട ജീവനക്കാരുടെ എണ്ണം സർക്കിൾ തിരിച്ച് ചുവടെ ചേർക്കുന്നു. |

| | | |
|---|---|---|
| സതേൺ സർക്കിൾ | - | 16 |
| ഹൈറേഞ്ച് സർക്കിൾ | - | 14 |
| സെൻട്രൽ സർക്കിൾ | - | 15 |
| ഈസ്റ്റേൺ സർക്കിൾ | - | 12 |
| നോർത്തേൺ സർക്കിൾ | - | 3 |
| അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് | - | 3 |
| സോഷ്യൽ ഫോറസ്ട്രി എറണാകുളം | - | 1 |
| വൈൽഡ്ലൈഫ് സർക്കിൾ പാലക്കാട് | - | 2 |
| ആകെ | - | 66 |

| | | | |
|---|---|---|---|
| ബി. | മതിയായ അന്വേഷണ റിപ്പോർട്ട് ലഭിച്ചതിനു ശേഷമാണോ അതോ കീഴ്ജീവനക്കാർ നൽകുന്ന റിപ്പോർട്ട് കണക്കിലെടുത്താണോ മേലധികാരികൾ സസ്പെൻഷൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്; | ബി. | സസ്പെൻഷനു വിധേയരാകുന്ന ഉദ്യോഗസ്ഥരുടെ മേലധികാരിയുടേയോ ഫോറസ്റ്റ് വിജിലൻസ് വിഭാഗത്തിന്റെയോ കാര്യകാരണ സഹിതമുള്ള റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ അച്ചടക്ക അധികാരിക്ക് ബോദ്ധ്യപ്പെട്ടതിനു ശേഷമാണ് മേലധികാരികൾ സസ്പെൻഷൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. |
| സി. | സസ്പെന്റ് ചെയ്യപ്പെട്ട ജീവനക്കാരൻ പിന്നീട് നിരപരാധിയാണെന്ന് തെളിഞ്ഞ് കുറ്റവിമുക്തനായാൽ സസ്പെന്റ് ചെയ്ത ഉദ്യോഗസ്ഥനെതിരെ വകുപ്പ്തല നടപടി സ്വീകരിക്കുമോ; | സി. | സസ്പെൻഷൻ ഒരു ശിക്ഷ അല്ല. അന്വേഷണ വിധേയമായി ആണ് ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യാറുള്ളത്. അന്വേഷണം കഴിഞ്ഞ് പൂർണ്ണമായും കുറ്റവിമുക്തനാക്കപ്പെട്ടാൽ അർഹതപ്പെട്ട എല്ലാ ആനുകൂല്യങ്ങളും നൽകാറുണ്ട്. സസ്പെന്റ് ചെയ്ത ഉദ്യോഗസ്ഥനെതിരെ വകുപ്പുതല നടപടി പതിവില്ല. |
| ഡി. | വനം വകുപ്പിൽ സസ്പെൻഷൻ മാനദണ്ഡങ്ങൾ നോക്കാതെ നടപടിയെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന് പരിഹാരം കാണുമോ എന്ന് വ്യക്തമാക്കുമോ? | ഡി. | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ